# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.952** **05.02.2020 ലെ മറുപടി**

**ആലത്തൂർ നിയോജകമണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ഡി.പ്രസേനൻ: | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ നിയോജക മണ്ഡലത്തിൽ ഏതെല്ലാം കുളങ്ങളാണ് നവീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ നിയോജക മണ്ഡലത്തിൽ കുളങ്ങൾ ഒന്നും നവീകരിച്ചിട്ടില്ല |
| (ബി) പ്രസ്തുത പദ്ധതിയിൽ ഈ മണ്ഡലത്തിലെ കുളങ്ങൾ ഉൾപ്പെട്ടിട്ടില്ലായെങ്കിൽ അവ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതി ഇപ്പോൾ നിലവിലില്ല. എന്നിരുന്നാലും 2018-19 സാമ്പത്തിക വർഷത്തിൽ മൈനർ ഇറിഗേഷൻ ക്ലാസ് 2 ഹരിതകേരളം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി അനുവദിച്ച വണ്ടാഴി പഞ്ചായത്തിലെ പൈതലകുളത്തിന്റെ പുനരുദ്ധാരണം എന്ന പ്രവൃത്തി (30 ലക്ഷം) പുരോഗമിച്ചുവരുന്നു.<br><br>കൂടാതെ 2019-20 സാമ്പത്തിക വർഷത്തിൽ റിനവേഷൻ ഓഫ് ടാങ്ക്സ് & പോണ്ട്സ് അണ്ടർ ഹരിതകേരളം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി എരമയൂർ പഞ്ചായത്തിലെ ചാത്തംകുളം (12 ലക്ഷം) എന്ന പ്രവൃത്തിക്കും മൈനർ ഇറിഗേഷൻ ക്ലാസ് 2 ഹരിതകേരളം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വണ്ടാഴി പഞ്ചായത്തിലെ പട്ടുതലകുളം (23 ലക്ഷം) എന്ന പ്രവൃത്തിക്കും ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**